കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ആലപ്പുഴ നഗരസഭയ്ക്ക് കീഴിലുള്ള സർക്കിൾ ഓഫീസുകളിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ ഇ.പരമശിവൻ, ശ്രീമതി.ആലീസ് ജോസി, ശ്രീ എൻ.കെ. വിജയകുമാർ, ശ്രീമതി.എസ്.എം.റാബിയ, ശ്രീ.എൻ.കെ.ഹരീഷ് എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 3167/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 17.12.2018

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.05.2014 തീയതിയിലെ ഇ 4(എസ്.സി 21/2014/എഎൽപി) 13953/2014 നം. കത്ത്

2. 04.08.2015 തീയതിയിലെ 63168/ഇയു2/2014/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 01.06.2016 തീയതിയിലെ ജി-3697/2015 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ നഗരസഭയിൽ ഡി & ഒ ലൈസൻസ് അപേക്ഷകൾ തീർപ്പകൽപ്പിക്കുന്നില്ലായെന്ന ആരോപണത്തിൽ വിജിൻസ്&ആൻറി കറപ്ഷൻ ബ്യൂറോ 25.03.14-ൽ നഗരസഭയ്ക്ക് കീഴിലുള്ള സർക്കിൾ ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ, നഗരസഭയിൽ ലഭിക്കുന്ന പുതിയ ഡി & ഒ ലൈസൻസ് അപേക്ഷകൾക്കായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ലാ എന്ന കുറ്റത്തിന് ഉത്തരവാദികളെന്ന നിലയ്ക്ക്, ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ ഇ.പരമശിവം, ശ്രീമതി ആലീസ് ജോസി, ശ്രീ എൻ.കെ. വിജയകുമാർ, ശ്രീമതി.എസ്.എം.റാബിയ, ശ്രീ.എൻ.കെ.ഹരീഷ് എന്നിവർക്ക് കുറ്റാരോപണ മെമ്മോയും , കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി .

2. കുറ്റാരോപണ മെമ്മോയിൽ ശ്രീ ഇ.പരമശിവൻ സമർപ്പിച്ച മറുപടി പ്രകാരം, ആലപ്പുഴ നഗരസഭയ്ക്ക് കീഴിലുള്ള ആന്റി മോസ്കിറ്റോ സർക്കിൾ ഉൾപ്പെടെയുള്ള 6 സർക്കിൾ ഓഫീസുകളിലും നിലവിലുണ്ടായിരുന്ന സമ്പ്രദായപ്രകാരം ഡി & ഒ ലൈസൻസ് പുതുക്കുകയും പുതിയത് ഉൾപ്പെടെയുള്ള ലൈസൻസ് അപേക്ഷകളിന്മേൽ

ഫീസ് ഈടാക്കി രസീത് നൽകുകയും അപേക്ഷകൾ എല്ലാം ഒറ്റ രജിസ്റ്ററിൽ ചേർക്കുകയുമാണ് ചെയ്തിരുന്നത് എന്നും പുതിയ അപേക്ഷകൾക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നത് ഉചിതമായിരിക്കും എന്ന് വിജിലൻസ് ഉദ്യോഗസ്ഥർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 01.04.2014 മുതൽ പുതിയ അപേക്ഷകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നതായും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മന:പൂർവ്വമല്ലാതെയുണ്ടായ വീഴ്ച മാപ്പാക്കി നൽകണമെന്നും അപേക്ഷിച്ചിരുന്നു .

3. ശ്രീമതി.എസ്.എം.റാബിയ സമർപ്പിച്ച മറുപടി പ്രകാരം, ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളും പുതുക്കിയ അപേക്ഷകളും ഒരേ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്തിരുന്നതെന്നും ആലപ്പുഴ നഗരസഭയ്ക്ക് കീഴിൽ ആന്റി മോസ്കിറ്റോ സർക്കിൾ ഉൾപ്പെടെയുള്ള 6 സർക്കാർ ഓഫീസുകളിലും ഇതേ സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നതെന്നും വിജിലൻസ് ഉദ്യോഗസ്ഥർ പുതിയ അപേക്ഷകൾക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നത് ഉചിതമായിരിക്കും എന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 01.04.2014 മുതൽ പുതിയ അപേക്ഷകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നതായും, ആയതിനാൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മന:പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് South 1st Circle ഹെൽത്ത് ഇൻസ്പെക്ടർ ആയ ടിയാൾ അപേക്ഷിച്ചിരുന്നു .

4. South 2nd Circle ലെ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.എൻ.കെ. ഹരീഷ് സമർപ്പിച്ച മറുപടി പ്രകാരം പുതിയ അപേക്ഷകൾക്കായി പ്രത്യേകം രജിസ്റ്റർ ഉണ്ടായിരുന്നില്ലെങ്കിലും അപേക്ഷകളെല്ലാം രജിസ്റ്ററിൽ ചേർക്കുകയും അതത് ദിവസത്തെ കളക്ഷൻ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് അതേ ദിവസം കളക്ഷൻ, 3 മണിക്ക് മുൻപായി നഗരസഭാ കൗണ്ടറിൽ ഒടുക്കുകയും ചെയ്തുവന്നിട്ടുള്ളതായും പുതിയ അപേക്ഷകൾക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നത് ഉചിതമായിരിക്കും എന്ന വിജിലൻസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം 01.04.2014 മുതൽ പുതിയ അപേക്ഷകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നതായും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മന : പൂർവ്വമായി വീഴ്ച വരുത്തിയിട്ടില്ലായെന്നും മറുപടി നൽകിയിരുന്നു .

5. ശ്രീമതി.ആലീസ് ജോസിയുടെ മറുപടിയിൽ, 25.03.2014 ൽ പരിശോധന നടത്തിയ വിജിലൻസ് വിഭാഗം ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം 01.02.2014 മുതൽ പുതിയ അപേക്ഷകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നതായും സർക്കിളുകളിൽ നിലവിലുണ്ടായിരുന്ന സമ്പ്രദായം പിൻതുടരുക മാത്രമാണ് താൻ ചെയ്തിരുന്നതെന്നും ഇത് മന:പൂർവ്വമല്ലാത്ത വീഴ്ചയായി പരിഗണിച്ച് ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന അപേക്ഷിച്ചിരുന്നു .

6. ആലപ്പുഴ നഗരസഭയിൽ ആന്റി മൊസ്കിറ്റോ സർക്കിളിൽ ഹെൽത്ത് ഇൻസ്പെക്ടർ ആയി ജോലി ചെയ്തിരുന്ന ശ്രീ.എൻ.കെ.വിജയകുമാറിനെ North 1st Circle ഹെൽത്ത് ഇൻസ്പെകർ ആയി മാറ്റി നിയമിക്കുകയും ടിയാൻ 06.03.2014 ന് ജോലിയിൽ പ്രവേശിച്ചതായും അന്ന് മുതൽ വിജിലൻസ് വിഭാഗം പരിശോധന നടത്തിയ 25.03.2014 വരെ പുതിയ ഡി & ഒ ലൈസൻസ് അപേക്ഷകൾ ഒന്നുംതന്നെ വന്നിട്ടില്ലായെന്നും ശ്രീ.എൻ.കെ.വിജയകുമാർ കുറ്റാരോപണമെമ്മോ/പത്രികയ്ക്ക് മറുപടി നൽകിയിരുന്നു.ഓരോ സാമ്പത്തിക വർഷാരംഭത്തിലും നിലവിലുള്ള ഡി&ഒ

രജിസ്റ്ററും,ഹാൻഡ്ബുക്കും , വാർഡ് പരിശോധനകളിൽ ലഭിക്കുന്ന വിവരങ്ങളും ചേർച്ച് തൻവർഷത്തെ രജിസ്റ്ററുകൾ തയ്യാറാക്കുകയാണ് ചെയ്തുവരുന്നതെന്നും എന്നാൽ വിജിലൻസ് വിഭാഗം ഉദ്യോഗസ്ഥരുടെ നിർദ്ദേശം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവരുടെ അനുവാദത്തോടുകൂടി, ശേഷം അപേക്ഷകൾ പുതിയ രജിസ്റ്ററിൽ ചേർത്തു വന്നിരുന്നതായും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മന:പൂർവ്വമായ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലായെന്ന ശ്രീ.എൻ . കെ.വിജയകുമാർ അപേക്ഷിച്ചിരുന്നു

7. കുറ്റാരോപണ മെമ്മോ/പത്രിക എന്നിവയിൽ ജീവനക്കാർ നൽകിയ മറുപടി പരിശോധിച്ചതിൽ നിന്നും ടി ഓഫീസുകളിൽ ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ, പുതിയ അപേക്ഷ എന്നിവയെല്ലാം ഒരേ രജിസ്റ്ററിൽ തന്നെയാണ് കൈകാര്യം ചെയ്തിരുന്നതെന്നും 25.03.14 ൽ വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥർ പരിശോധന നടത്തി പുതിയ ഡി & ഒ അപേക്ഷൾക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നത് ഉചിതമായിരിക്കും എന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 01.04.2014 മുതൽ പുതിയ അപേക്ഷകൾ പ്രത്യേകം രജിസ്റ്ററിൽ ചേർത്തിട്ടുള്ളതായും സർക്കിളുകളിൽ നിലവിലുണ്ടായിരുന്ന സമ്പ്രദായം പിൻതുടരുക മാത്രമാണ് ചെയ്തിരുന്നതെന്നും മറ്റ് ഗുരുതരമായ വീഴ്ചകളൊന്നും കുറ്റാരോപണ മെമ്മോയിലും/പത്രികയിലും ആരോപിയ്ക്കപ്പെട്ടിട്ടില്ലാത്ത സ്ഥിതിയ്ക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മനപൂർവ്വമല്ലാതെയുണ്ടായ വീഴ്ച മാപ്പാക്കി നൽകണമെന്നുള്ള ടി ജിവനക്കാരുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് മറ്റ് ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കാൻ കൊല്ലം റീജിയണൽ ജോയിൻറ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നതായി നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

8. വിജിലൻസ് റിപ്പോർട്ട് , കുറ്റാരോപണ മെമ്മോ / പത്രിക എന്നിവയിൽ ടിയാളുകൾ നൽകിയ മറുപടി,നഗരകാര്യ ഡയറക്ടറുടേയും കൊല്ലം റീജിയണൽ ജോയിൻറ് ഡയറക്ടറുടേയും റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, ശരിയായ രീതിയിൽ ഡി & ഒ ലൈസൻസ് രജിസ്റ്റർ സൂക്ഷിച്ചില്ല എന്നതാണ് പ്രധാന ആരോപണം. അത് അഴിമതിയ്ക്ക് കാരണമാകുന്നുവെന്നാണ് റിപ്പോർട്ടിലെ പരാമർശങ്ങൾ.സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുന്നില്ല എന്ന കണ്ടെത്തലും വിജിലൻസ് റിപ്പോർട്ടിലുണ്ട്. പുതിയ അപേക്ഷകളും രജിസ്റ്ററിൽ ചേർത്ത് നടപടി സ്വീകരിക്കുകയാണ് ചെയ്തുവരുന്നതെന്നും വിജിലൻസ് ശുപാർശ ചെയ്തതിനുശേഷം പുതിയ അപേക്ഷകൾക്കായി പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചുവരികയാണെന്നുമാണ് ആരോപണ വിധേയരായ എല്ലാവരും പ്രതിവാദ പത്രികയിൽ പറയുന്നത്. രജിസ്റ്റർ ശരിയാംവണ്ണം സൂക്ഷിക്കാത്തതിനാൽ എത്രയെണ്ണം അപേക്ഷകൾ ലഭിച്ചുവെന്നോ അതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നോ അറിയാൻ കഴിയാത്ത അവസ്ഥയുണ്ടായിയെന്നാണ് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. ഇത് അഴിമതിയ്ക്ക് കളമൊരുക്കുന്നുവെന്നാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത് . മനപൂർവ്വമായ വീഴ്ചയുണ്ടായിട്ടില്ല എന്ന് കുറ്റാരോപിതർ സമ്മതിക്കുന്നുണ്ട്. വിജിലൻസിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെന്ന് സമ്മതിച്ചിരിക്കുകയുമാണ്. നിലവിലുള്ള

സമ്പ്രദായമനുസരിച്ച് രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ടെന്നും പുതിയതായി ലൈസൻസിനുള്ള അപേക്ഷകളും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളും സപ്ലിമെൻററിയായി നഗരസഭാ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്തുവരുന്നതെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതുതായി എത്ര അപേക്ഷകൾ കിട്ടിയെന്നോ അതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നോ അറിയാൻ കഴിയാത്ത അവസ്ഥയാണ് ഉണ്ടായിരുന്നതെന്ന് മനസിലാക്കാവുന്നതും വിജിലൻസ് അന്വേഷണത്തിലെ കണ്ടെത്തലുകൾ ശരിവയ്ക്കുന്നതാണ്.

9. മേൽ സാഹചര്യത്തിൽ ആലപ്പുഴ നഗരസഭയിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് ടി നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ.ഇ.പരമശിവൻ, ശ്രീമതി ആലിസ് ജോസി, ശ്രീമതി.എസ്.എം. റാബിയ, ശ്രീ.എൻ.കെ.ഹരീഷ് എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി ടിയാളുകളുടെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയും, സർവ്വീസിൽ നിന്ന് വിരമിച്ച ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ വിജയകുമാറിനെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.ഇ.പരമശിവൻ, ഹെൽത്ത് ഇൻസ്പെക്ടർ, ആലപ്പുഴ നഗരസഭ
ശ്രീമതി ആലിസ് ജോസി, ഹെൽത്ത് ഇൻസ്പെക്ടർ, ആലപ്പുഴ നഗരസഭ
ശ്രീമതി.എസ്.എം. റാബിയ, ഹെൽത്ത് ഇൻസ്പെക്ടർ, ആലപ്പുഴ നഗരസഭ
ശ്രീ.എൻ.കെ.ഹരീഷ്.ഹെൽത്ത് ഇൻസ്പെക്ടർ, ആലപ്പുഴ നഗരസഭ
ശ്രീ വിജയകുമാർ,ഹെൽത്ത് ഇൻസ്പെക്ടർ, ആലപ്പുഴ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ